എൻഡോസൾഫാൻ ദുരിതബാധിതർക്കായി പുനരധിവാസ ഗ്രാമം

338 (3626) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കായി പുനരധിവാസ ഗ്രാമം ഉണ്ടാകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഇത് ഏത് വിധത്തിലാണ് നടപ്പിലാക്കുന്നതെന്നും ഇതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നും വിശദമാക്കാമോ ;

(സി) ഇതിനായി എത്ര തുക വേണ്ടി വരുമെന്നും പണം ഏതൊക്കെ സംവിധാനത്തിലൂടെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരിത ബാധിതർ ഉൾപ്പെടെയുള്ള അംഗപരിമിതർക്കായി ഒരു പുനരധിവാസ ഗ്രാമം സ്ഥാപിക്കുന്നത് സംബന്ധിച്ച് 12-11-2014-ൽ ബഹു. കൃഷി വകുപ്പ് മന്ത്രിയുടെയും ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ ഒരു ചർച്ച നടത്തുകയുണ്ടായി. ഗ്രാമം സ്ഥാപിക്കുന്നതിനായി പ്ലാന്റേഷൻ കോർപ്പറേഷന്റെ 25 ഏക്കർ സ്ഥലം സാമൂഹ്യനീതി വകുപ്പിന് കൈമാറേണ്ടതാണെന്നും നിർദ്ദിഷ്ട ഗ്രാമത്തിൽ ഘട്ടം ഘട്ടമായി വൈകല്യം ബാധിച്ചവർക്ക് ആവശ്യമായ എല്ലാ തരത്തിലുള്ള പരിചരണവും പുനരധിവാസവും നൽകുവാനുമാണ് ഉദ്ദേശിക്കുന്നത്. ഈ കാര്യങ്ങളുടെ നടത്തിപ്പിനായി സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിക്കുവാനും പ്രസ്തുത മീറ്റിംഗിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) നിർദ്ദിഷ്ട പുനരധിവാസ ഗ്രാമം സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള പദ്ധതികൾ തയ്യാറാക്കിവരുന്നതേയുള്ളൂ.

(സി) യഥാർത്ഥ ചെലവ് കണക്കാക്കി വരുന്നതേയുള്ളൂ. സർക്കാരിന് പുറമേ NABARD-ൽ നിന്ന് കൂടി സാമ്പത്തിക സഹായം ലഭ്യമാകുമോ എന്ന് പരിശോധിച്ച വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly